ചെയ്യപ്പെട്ട നിലയിൽ 2005 ജൂലായ് 17-ാം തീയതി കാണപ്പെട്ടു. വടക്കാഞ്ചേരി ടൗണിൽ താലൂക്ക് ആഫീസിനു സമീപമുള്ള ചാലിപ്പാടൻ തോട്ടിലാണ് രാജേഷ് മരിച്ചുകിടക്കുന്നതായി കണ്ടത്. അദ്ദേഹത്തിന്റെ തലയ്ക്കും കഴുത്തിലും പെട്ടെന്ന് നിരവധി പരിക്കുകളോടെയാണ് മൃതശരീരം കാണപ്പെട്ടത്. രാജേഷ് ധരിച്ചിരുന്ന ഒരു സ്വർണ്ണ ചെയിനും മോതിരവും കാണാതായിട്ടുണ്ട്. ഇക്കാര്യത്തിന് ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പുപ്രകാരം ക്രൈം 398/2005-ാം നമ്പരായി വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പ്രേത വിചാരണ റിപ്പോർട്ട് തയ്യാറാക്കിയ ശേഷം മൃതശരീരം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം പരിശോധന നടത്തി. ഒരു സ്വകാര്യ കമ്പനിയിൽ ജോലി നോക്കിയിരുന്ന സി.പി.എം. പ്രവർത്തകനായ രാജേഷ് കൊലചെയ്യപ്പെടാനുണ്ടായ സാഹചര്യത്തെപ്പറ്റി ഇതിനകം മുപ്പതിലധികം ആളുകളെ വിളിച്ചുവരുത്തി ചോദ്യം ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തിയെങ്കിലും വ്യക്തമായ സൂചനകളൊ ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടർതന്നെ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ഏറ്റവും വേഗംതന്നെ അതിന് ഒരു തുമ്പ് ഉണ്ടാക്കുന്നതിനു പോലീസ് പരിശ്രമിക്കുന്നതാണ്.

III. റിപ്പോർട്ട് സമർപ്പണം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ:

(1) 2002-ലെ അബ്കാരി (അമെൻഡ്മെന്റ്) ബിൽ.

(2) 2004-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (അമെൻഡ്മെന്റ്) ബിൽ.

(3) 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെൻഡ്മെന്റ്) ബിൽ.

(4) 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ.

(5) 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻഡ്മെന്റ്) ബിൽ.

(6) 2005-ലെ കേരള വാല്യു ആഡഡ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ.

(7) 2005-ലെ കേരള അഗ്രികൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ.

എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ:

(1) 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(2) 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(3) 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ.

LIBRARY ARCHIVES Kerala Legislative Assembly